# പതിനാലാം കേരള നിയമസഭ

# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3054 13.03.2018 ൽ മറുപടിയ്ക്ക്**

## വാഹന ഗതാഗത നിയന്ത്രണ സംവിധാനം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. പി. ഉണ്ണി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പ്, പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ നിർവഹിച്ച വരുന്ന വാഹന ഗതാഗത നിയന്ത്രണ സംവിധാനം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏകോപിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | മോട്ടോർവാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ നിർവ്വഹിക്കുന്ന വാഹന ഗതാഗത നിയന്ത്രണ സംവിധാനം ഏകോപിപ്പിക്കുന്ന പദ്ധതി നിലവിലില്ല. എല്ലാ വകുപ്പുകളും സ്ഥാപിച്ച സിഗ്നൽ സിസ്റ്റങ്ങളുടേയും പരിപാലന ചുമതല ഐ.ജി ട്രാഫിക്കിനെ ഏൽപ്പിച്ചുകൊണ്ട് കേരള റോഡ് സേഫ്റ്റി അതോറിറ്റി തീരുമാനമുണ്ട്. |
| (ബി) | അപകടത്തിന്റെ മുഖ്യകാരണങ്ങളായ അമിതവേഗതയും, മദ്യപിച്ചുള്ള ഡ്രൈവിംഗും അനധികൃത പാർക്കിംഗും തടയാൻ നടത്തുന്ന പ്രവർത്തനം കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകുമോ; | (ബി) | അലക്ഷ്യമായും പാർക്കിംഗ് ഇല്ലാത്ത സ്ഥലങ്ങളിലും വാഹനം പാർക്ക ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരക്കാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയാണ് ചെയ്യുന്നത്. മദ്യപിച്ച് വാഹനം ഓടിച്ച് പിടിയ്ക്കപ്പെടുന്നവരുടെ ലൈസൻസുകൾ കർശനമായും റദ്ദ ചെയ്തുവരുന്നു. ഇക്കാര്യങ്ങൾക്കായി പ്രത്യേക പരിശോധനകൾ നടത്തി വരുന്നുണ്ട്. |
| (സി) | വലിയ വാഹനങ്ങളിലും ഇടത്തരം ചരക്കുവാഹനങ്ങളിലും നിർബന്ധമാക്കിയ സ്പീഡ് നിയന്ത്രണ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ എന്ന പരിശോധന നടത്താറുണ്ടോ; | (സി) | വാഹന രജിസ്ട്രേഷൻ, സി.എഫ്. ടെസ്റ്റ്, വാഹന പരിശോധന എന്നീ സമയങ്ങളിൽ ഇത്തരം വാഹനങ്ങളിലെ സ്പീഡ് ഗവർണ്ണറുകൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കാറുണ്ട്. |
| (ഡി) | റോഡ് സുരക്ഷാ അതോറിറ്റിയുടെയും ജില്ലാതലത്തിലുള്ള കൗൺസിലുകളുടെയും പ്രവർത്തനം ശാക്തീകരിച്ച് അപകട | (ഡി) & (ഇ) | കേന്ദ്ര ഗതാഗതമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും |

| | | | |
|---|---|---|---|
| | നിയന്ത്രണം സാധ്യമാക്കാൻ നടപടിയെടുക്കുമോ; | | കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതരപാതകളിൽ പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ വകുപ്പിന്റെയും -പോലീസ്- പൊതുമരാമത്ത് വകുപ്പുകളുടെയും സഹായത്തോടെ സമഗ്ര നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ റിപ്പോർട്ട് ലഭ്യമാക്കുകയും റോഡ് സുരക്ഷാ സംബന്ധമായ പദ്ധതികൾ അതോറിറ്റിയുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തുവരുന്നു. |
| (ഇ) | അതോറിറ്റിയും കൗൺസിലുകളും നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | | അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻ ഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ വകുപ്പിലെ ബന്ധപ്പെട്ടവർക്കും പോലീസ് വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു.സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അമിതവേഗത, വാഹനമോടിക്കുമ്പോഴുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും |

| | | | |
|---|---|---|---|
| | | | ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. "**കഴക്കൂട്ടം-അടൂർ മോഡൽ സേഫ് കൊറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്**" നടപ്പിൽ വരുത്തുന്നതിനുവേണ്ട സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.യ്ക്ക് നൽകിവരുന്നു. ഇതിനു പുറമേ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെ ശുപാർശകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിനു വിധേയമായി ഫണ്ട് അനുവദിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**